"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATHA

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ്-19 മഹാമാരിയുടെ വ്യാപനം തടയുന്നതിനായി ഏർപ്പെടുത്തിയ ലോക്ഡൗൺ കാലയളവിൽ തടി ലേലവുമായി ബന്ധപ്പെട്ടുള്ള തുക ഒടുക്കലുകൾക്കും തടി നീക്കം ചെയ്യുന്നതിനും 24.03.2020 മുതൽ 31.05.2020 വരെയുള്ള കാലയളവ് ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.155/2020/വനം തീയതി,തിരുവനന്തപുരം, 15/07/2020

---

പരാമർശം:- 1 കേരള ഫോറസ്റ്റ് പ്രൊഡ്യൂസേഴ്സ് & ടിമ്പർ മർച്ചന്റ്സ് അസോസിയേഷന്റെ 17/5/2020-ലെ നിവേദനം.

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 5/6/2020 -ലെ പ്രൊ(4)-53413/16 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ഡൗൺ കാലയളവിൽ തടിവ്യാപാരം നടത്തുന്നതിന് സാധിക്കുന്നില്ലെന്നും, ആയതിനാൽ ലേല നിബന്ധനകൾ പ്രകാരമുള്ള പണമൊടുക്കലുകൾക്ക് ലോക്ഡൗൺ കാലയളവിൽ സമയപരിധി നീട്ടി അനുവദിക്കണമെന്നും കേരള ഫോറസ്റ്റ് പ്രൊഡ്യൂസേഴ്സ് & ടിമ്പർ മർച്ചന്റ്സ് അസോസിയേഷൻ, പരാമർശം (1) പ്രകാരം, അഭ്യർത്ഥിക്കുകയുണ്ടായി.

2) കോവിഡ്-19 വ്യാപനം തടയുന്നതിന്റെ ഭാഗമായി രാജ്യത്താകമാനം ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ, തടിലേലവും ചില്ലറ വിൽപനയും നിർത്തിവയ്ക്കുകയുണ്ടായിയെന്നും അതിനാൽ ലേലം കൊണ്ട തടികൾ ലോഡു ചെയ്യുന്നതിനും, ട്രാൻസ്പോർട്ട് ചെയ്യുന്നതിനും, അൺലോഡു ചെയ്യുന്നതിനും, ലേല നിബന്ധനകൾ പ്രകാരമുള്ള പണമടയ്ക്കുന്നതിനും, ലോക്ഡൗൺ കാലയളവിൽ ലേലക്കാർക്ക് സാവകാശം അനുവദിക്കേണ്ടതുണ്ടെന്നും ബോധ്യപ്പെട്ടിട്ടുള്ളതായും, ആയതിനാൽ ലോക്ഡൗൺ കാലയളവായ 24.03.2020 മുതൽ 31.05.2020 വരെയുള്ള (69 ദിവസം) കാലയളവിൽ തടി ലേലവുമായി ബന്ധപ്പെട്ടുള്ള തുക ഒടുക്കലുകൾക്കും, തടി നീക്കം ചെയ്യുന്നതിനും കാലപരിധി

ദീർഘിപ്പിച്ച് നൽകാനും, പ്രസ്തുത കാലയളവിലെ തറവാടക, പിഴപ്പലിശ എന്നിവ ഒഴിവാക്കി നല്കാനും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), പരാമർശം (2) പ്രകാരം, ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തടി ലേലവുമായി ബന്ധപ്പെട്ടുള്ള തുക ഒടുക്കലുകൾ, തടി നീക്കം ചെയ്യുന്നതിനുള്ള സമയപരിധി കണക്കാക്കൽ എന്നിവക്ക്, ലോക്ഡൗൺ നിലവിലുണ്ടായിരുന്ന 24.03.2020 മുതൽ 31.05.2020 വരെയുള്ള 69 ദിവസ കാലയളവ് ഒഴിവാക്കിക്കൊണ്ടും പ്രസ്തുത കാലയളവിലെ പലിശ, പിഴപ്പലിശ, സർചാർജ്ജ്, തറവാടക എന്നിവ ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINOD K

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

പ്രസിഡന്റ്, കേരള ഫോറസ്റ്റ് പ്രൊഡ്യൂസേഴ്സ് & ടിമ്പർ മർച്ചന്റ്സ് അസോസിയേഷൻ,പുനലൂർ

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by PADMINI K S
Date: 2020.07.15 18:45:11 IST
Reason: Approved

സെക്ഷൻ ഓഫീസർ